**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 739

30.01.2019 ലെ മറുപടിയ്ക്ക്.

## പ്രളയബാധിതരായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള സഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.സി. ജോസഫ്**<br>**ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. എ.പി. അനിൽകുമാർ** | | **എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
| (എ) | പ്രളയത്തെത്തുടർന്നു ദുരിതമനുഭവിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എന്തെങ്കിലും പ്രത്യേക സഹായം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പ്രളയത്തെ തുടർന്ന് ദുരിതമനുഭവിക്കുന്ന പട്ടികജാതി വിഭാഗ കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി ഓരോ കുടുംബത്തിനും 5000 രൂപ വീതവും, പട്ടികവർഗ്ഗ വിഭാഗത്തിന് 10000/- രൂപ വീതവും അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്ക് സർക്കാർ വാഗ്ദാനം ചെയ്ത അയ്യായിരം രൂപ പോലും പലർക്കും ലഭിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. എല്ലാവർക്കും ധനസഹായം ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് നിലവിൽ 67194 പേർക്കുള്ള ധനസഹായം നൽകിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകളിൽ ധനസഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു<br>പട്ടികവർഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് അർഹതയുള്ള 3367 കുടുംബങ്ങളിൽ 3355 പേർക്ക് നാളിതുവരെ പതിനായിരം രൂപാ വീതം രണ്ടു ഗഡുക്കളായി വിതരണം നടത്തിയിട്ടുണ്ട്. |
| (സി) | പ്രളയത്തിൽ വീട് നഷ്ടപ്പെട്ട പട്ടിക ജാതി/പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് അടിയന്തിരമായി വീട് നിർമ്മിച്ചു നൽകുവാൻ സർക്കാർ മുൻകൈയെടുക്കുമോ; വ്യക്തമാക്കാമോ? | (സി) | പ്രളയത്തിൽ തകർന്ന വീടുകൾ നിർമ്മിക്കുന്നതിനായി സംസ്ഥാനത്തെ 2733 പേർക്ക് അനുമതി നൽകിയതിൽ 243 പേർക്ക് ആവശ്യമായ രേഖകൾ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന വകുപ്പ് ധനസഹായം അനുവദിച്ചിട്ടുണ്ട്. മറ്റുള്ളവർക്ക് റീബിൽഡ് കേരള (RBK) മുഖേന ഭവന നിർമ്മാണ ധനസഹായം ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>111 പേർക്ക് ഒന്നാം ഗഡുവിനത്തിൽ 6,66,60,000/- രൂപയും 5 പേർക്ക് രണ്ടാം ഗഡുവിനത്തിൽ 6,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കാലവർഷക്കെടുതിമൂലം പട്ടികവർഗ്ഗക്കാരായ 729 പേർക്ക് പൂർണ്ണമായും വീട് നഷ്ടപ്പെടുകയും 1220 പേർക്ക് ഭാഗികമായി വീട് നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. ടിയാളുകൾക്ക് ലൈഫ് മിഷൻ പദ്ധതിയിൽപ്പെടുത്തിയോ, വകുപ്പ് മുഖേനയുള്ള വീട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ